187 (2373) വാട്ടർ സ്പോർട്സ് കോംപ്ലക്സ്

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വാട്ടർ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുവാൻ എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു;

(ബി) എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്തിലെ പെരിയാറിൽ വാട്ടർ സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) വാട്ടർ സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്താണ് സർക്കാരിന്റെ നയമെന്ന് വ്യക്തമാക്കാമോ; ഈ കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ഈ പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള പ്രൊപ്പോസൽ എന്നാണ് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി വാട്ടർ സ്പോർട്സ് സെന്റർ സ്ഥാപിക്കുന്നകാര്യം ആലോചനയിലുണ്ട്.

(ബി)&(സി) എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും ഇത് സംബന്ധിച്ച നിർദ്ദേശം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

188 (2374) കായികതാരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് സർക്കാർസർവ്വീസിൽ ജോലി നൽകുന്ന പദ്ധതി അനുസരിച്ച് നിലവിൽ ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്ര ഒഴിവ്; ഏതെല്ലാം വകുപ്പുകളിൽ, ഏതെല്ലാം തസ്തികകളിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്താനായി കായികതാരങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ ക്ഷണിച്ചതെന്നും ഇതിൻപ്രകാരമുള്ള നടപടിക്രമങ്ങൾ ഏതവസ്ഥയിലാണെന്നും വ്യക്തമാക്കാമോ;

(സി) കായികതാരങ്ങളെ സർക്കാർ സർവ്വീസിലേക്ക് നിയമിച്ചിട്ട് ഇപ്പോൾ എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും കായിക മത്സരങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരുമായവർക്ക് പ്രോത്സാഹനം നൽകാനുതകുന്നതരത്തിൽ നിയമനിർമ്മാണം നടത്തി കായികതാരങ്ങളെ സഹായിക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം ഓരോ കലണ്ടർ വർഷവും 20 കായിക

LIBRARY ARCHIVES Kerala Legislative Assembly

താരങ്ങൾക്ക് നിയമനം നൽകുന്ന പദ്ധതി ഉണ്ട്. 1991 വരെയുള്ള നിയമന ങ്ങളെ നടത്തിയിട്ടുള്ളൂ. 1992 മുതൽ 1996 വരെയുള്ള 100 ഒഴിവുകളിലേക്ക് നിയമനം നടത്താൻ അപേക്ഷ ക്ഷണിച്ചുകൊണ്ട് 25.11.1998ൽ 57515/എസ്. ഡി1/94/പൊ.ഭ.വ നമ്പരിലുള്ള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകളിന്മേലുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. നിയമനങ്ങൾ നടത്തേണ്ട തസ്തികകൾ, വകു പ്പുകൾ എന്നിവ ഏതൊക്കെ എന്ന് പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

(സി) 1991 ലേക്കുള്ള നിയമനമാണ് അവസാനമായി നടത്തിയത്.

(ഡി) മികച്ച കായികതാരങ്ങൾക്ക് കേരളസർക്കാരും സ്പോർട്സ് കൗൺസിലും പലവിധ പ്രോത്സാഹനങ്ങൾ നൽകിവരുന്നുണ്ട്.

189 (2375) സീനിയോറിറ്റി പുനഃസ്ഥാപിക്കാൻ നടപടി

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ പുതു ക്കാത്തതുമൂലം സീനിയോറിറ്റി നഷ്ടപ്പെട്ടവർക്ക് സീനിയോറിറ്റി പുനഃ സ്ഥാപിച്ച് കിട്ടുന്നതു സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം അപേക്ഷകളിന്മേൽ എന്തു തീരുമാനമെ ടുത്തു;

(സി) സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകുന്നതിന് ഏറ്റവും ഒടു വിൽ ഉത്തരവിറങ്ങിയതെന്നാണ്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സീനിയോറിറ്റി നഷ്ടപ്പെട്ട പലർക്കും മുൻകാല ഉത്തരവുകൾ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഗണിച്ച് 1980-ന് ശേഷം രജിസ്ട്രേഷൻ പുതുക്കാതെ സീനി യോറിറ്റി പുനഃസ്ഥാപിക്കുന്നതിന് പുതിയ ഉത്തരവിറക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1.6.1998 മുതൽ 5.7.1999 വരെ ലഭിച്ച 2994 അപേക്ഷകളിൽ സീനിയോറിറ്റി പുനഃസ്ഥാപിച്ചുകൊണ്ട് എംപ്ലോയ്മെന്റ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 24.8.1998 ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2649/98/തൊഴിൽ, 15.9.1998-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2847/98/തൊഴിൽ എന്നിവയാണ് സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതി നുവേണ്ടി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ. ഈ ഉത്തരവുകൾ പ്രകാരം 1.6.1997 മുതൽ 31.5.1998 വരെ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് 31.12.1998-നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അപേക്ഷ നൽകിയാൽ സീനിയോറിറ്റിയോടെ റദ്ദായ എംപ്ലോ യ്മെന്റ് രജിസ്ട്രേഷൻ പുനഃസ്ഥാപിച്ച് നൽകുവാൻ അനുമതി നൽകിയിരുന്നു.

(ഡി) സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കുവാൻ അനുവാദം നൽകണമെന്ന് ചിലർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly